LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 143 ഒഴിവുകൾ നിലവിൽ വന്നു. അവ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

| | |
|---|---|
| റിട്ടയർമെന്റ് | 54 |
| പ്രൊമോഷൻ | 52 |
| ട്രാൻസ്ഫർ | 32 |
| സർവ്വീസിലിരുന്ന് മരണപ്പെട്ടത് | 5 |

(ബി) 135 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ ശേഷിക്കുന്നില്ല.

(സി) എൽ.പി.എസ്.എ അംഗബലം 2010-11-ൽ 2237 ആയിരുന്നു. ഇപ്പോൾ 2707 പേർ ജോലി ചെയ്യുന്നു.

(ഡി) 30 ഒഴിവുകളിൽ താത്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു. 15-9-2011-ലാണ് പി.എസ്.സി ഈ തസ്തികയിൽ നിയമന ശുപാർശ നൽകിയത്

**ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

75 (7143) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) മുൻ കൗൺസിൽ ഏതൊക്കെ ശുപാർശകളാണ് സമർപ്പിച്ചിരുന്നത് . മുൻ സർക്കാർ അവയിൽ ഏതൊക്കെ നടപ്പാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിന് കളമൊരുക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റേണ്ട ഏജൻസിയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസവു മായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും നടപ്പിലാക്കേണ്ട പരിഷ്ക്കാര ങ്ങളെക്കുറിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കേണ്ട ചുമതല ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ് പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റിക്കൊണ്ട് കൗൺസിൽ രൂപം നൽകിയ ഉന്നതതല വിദഗ്ദസമിതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.